"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് - കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് - കെട്ടിട വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1306/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2021

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 03.10.2020 ലെ PAN/11681/2020-G1(DP) നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2021 ലെ PAN/11681/2020-G1(DP) നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിലെ കെഎസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് കെട്ടിട ഉടമസ്ഥൻ സമ്മതപത്രം നൽകിയ സൗജന്യ കാലയളവ് കഴിഞ്ഞുള്ള 2017 ഫെബ്രുവരി മാസം മുതൽ 2 വർഷത്തെ കെട്ടിടവാടക , ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പ്രതിമാസ വാടകയായി നിശ്ചയിച്ച് നൽകിയ നിരക്ക് പ്രകാരം 6444 /- രൂപ (ആറായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) വീതം തനതു ഫണ്ടിൽ നൽകണമെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരുന്നു. കെ.എസ്.ഇ.ബി അധികൃതർ ആവശ്യപ്പെട്ടിരുന്ന നിയമാനുസരണ കാലയളവായ 3 വർഷം എന്നത് അവസാനിച്ചതിന് ശേഷമുള്ള വാടക നൽകേണ്ടത് കെ.എസ്.ഇ.ബി തന്നെയാണെന്നും അതിന് ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയില്ല എന്നുമുള്ള വിവരം പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിലെ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് കെട്ടിട ഉടമസ്ഥൻ സമ്മതപത്രം നൽകിയ സൗജന്യ കാലയളവ് കഴിഞ്ഞുള്ള 2 വർഷത്തെ കെട്ടിടവാടക, ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പ്രതിമാസ വാടകയായി നിശ്ചയിച്ച് നൽകിയ നിരക്ക് പ്രകാരം 6444/- രൂപ (ആറായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) വീതം തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/ സെക്രട്ടറി, വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ